നമ്പർ - എൻ2/21836/2014/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി. 04/06/2014
Phone: 0471-2328438
Email: scholarshipdpi@gmail.com

# സർക്കുലർ

വിഷയം - പൊതു വിദ്യാഭ്യാസം- ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് സ്കീം 2014-'15 - അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന - കേന്ദ്ര സർക്കാർ കത്ത്: എഫ് .നം 12/1/2014-എസ്.എസ് തീയതി.26/02/2014

## അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ :-

1. സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് (സർക്കാർ അംഗീകൃതം), അഫിലിയേഷനുള്ള സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളിലെ I മുതൽ X വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധിസ്റ്റ്, പാഴ്സി, ജൈൻ എന്നീ ന്യൂനപക്ഷമതവിഭാഗങ്ങളിൽപ്പെട്ട കുട്ടികളാണ് ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് സ്കീമിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

2. മുൻ വർഷങ്ങളിൽ അപേക്ഷിച്ചവരും, 2014-15 ലേയ്ക്കു അപേക്ഷ സമർപ്പിക്കേണ്ടതാണ്.

3. 2014-15 ലേയ്ക്കുള്ള ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പിനുള്ള **"N2/21836/2014/DPI"** നമ്പർ അപേക്ഷഫോറം, **www.education.kerala.gov.in**, **www.scholarship.itschool.gov.in** എന്നീ വെബ്സൈറ്റുകളിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്. പ്രസ്തുത നമ്പരിലുള്ള ഫോറത്തിൽ മാത്രമെ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളു.

4. അപേക്ഷാഫോറം പൂരിപ്പിക്കുന്നതിനുമുമ്പായി നിർദ്ദേശങ്ങൾ, ശ്രദ്ധയോടെ വായിക്കേണ്ടതാണ്.

5. മുൻവർഷം ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് തുക ലഭിച്ചവിദ്യാർത്ഥികൾ, നിർബന്ധമായും അപേക്ഷയിലെ **RENEWAL** കോളം മാർക്ക് ചെയ്യേണ്ടതാണ്.

6. അപേക്ഷകൾ പൂരിപ്പിക്കുന്നതിന് അദ്ധ്യാപകരുടെയോ, പ്രഥമാധ്യാപകന്റെയോ സേവനം ആവശ്യമെങ്കിൽ സ്വീകരിക്കാവുന്നതാണ്.

അപേക്ഷയിലെ PART–I പൂരിപ്പിക്കേണ്ടതും. നിശ്ചിത കോളത്തിൽ സ്വയം സാക്ഷ്യപ്പെടുത്തിയ പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ച്. രക്ഷകർത്താവിന്റെ വാർഷികവരുമാനം (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും, ഉദ്യോഗമുള്ളവർ അതാത് സ്ഥാപനം നൽകുന്ന സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ്), കുട്ടിയുടെ മതം തെളിയിക്കുന്നതിനു സ്വയം തയ്യാറാക്കിയ സത്യവാങ്മൂലത്തിനൊപ്പം, ഒപ്പ് രേഖപ്പെടുത്തി ബന്ധപ്പെട്ട സ്കൂളധികാരിക്ക് നിശ്ചിത തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ് (വാർഷികവരുമാനം, മതം എന്നിവ തെളിയിക്കുന്നതിനുള്ള മാതൃക അപേക്ഷാഫാറത്തിന്റെ അവസാനഭാഗത്ത് ചേർത്തിട്ടുണ്ട്. സത്യവാങ്മൂലം സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും. മുദ്രപ്പത്രം ആവശ്യമില്ല).

8. സ്കൂൾരേഖയിലുള്ള ജനനതീയതിയാണ് അപേക്ഷയിൽ രേഖപ്പെടുത്തേണ്ടത്. (ആവശ്യമെങ്കിൽ അദ്ധ്യാപകരുടെ സഹായം തേടേണ്ടതാണ്).

9. എല്ലാ അപേക്ഷകരും അപേക്ഷാഫോറത്തിലെ നിർദ്ദിഷ്ട കോളങ്ങളിൽ ദേശസാത്കൃത ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും ലഭിച്ച വിദ്യാർത്ഥിയുടെയോ വിദ്യാർത്ഥിയുടെയും രക്ഷകർത്താവിന്റെയും പേരിലുള്ളതോ ആയ ബാങ്ക് അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി കോഡ്, ബാങ്കിന്റെ പേര് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

10 അപേക്ഷയിൽ കുട്ടികൾ നിർബന്ധമായും ഒപ്പിട്ടിരിക്കണം. I മുതൽ V വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷകർത്താക്കൾ അപേക്ഷയിൽ ഒപ്പിട്ടിരിക്കേണ്ടതാണ്.

11. അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി 31/07/2014 ആണ്.

12. അപൂർണ്ണവും, അവസാനതീയതിയ്ക്കുശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

അംഗീകാരത്തോടെ

ഒപ്പ്

അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ
(അക്കാദമിക്)

പൊതു വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
3. എല്ലാ സ്കൂളധികാരികൾക്കും (ഡി.ഇ.ഒ/എ.ഇ.ഒ മുഖേന)
4. കരുതൽ ഫയൽ.